ഗ്രാമീണമേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും പദ്ധതി

129 (3893) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണമേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ആഗോള-ഉദാര-സ്വകാര്യവൽക്കരണ നയത്തിന്റെ ഫലമായി ഗ്രാമീണവ്യവസായങ്ങൾ വൻ പ്രതിസന്ധിയെ നേരിടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമീണവ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാമവ്യവസായ മേഖലയിൽ പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിച്ച് തൊഴിലവസരം സൃഷ്ടിക്കുന്നതിന് ഖാദികമ്മീഷന്റെ മാർജിൻ മണി പദ്ധതി പ്രകാരം വിവിധ ധനകാര്യസ്ഥാപനങ്ങളുടെ സഹായത്തോടെ വായ്പ ലഭ്യമാക്കുന്നതാണ്. ഈ പദ്ധതി പ്രകാരം പ്രോജക്ട് കോസ്റ്റിന്റെ 25% മുതൽ 30% വരെ മാർജിൻ മണി ഗ്രാന്റ് ഖാദി ബോർഡ് നൽകുന്നതാണ്.

(സി&ഡി) ഉണ്ട്. എന്നാൽ ഈ വിഷയത്തിൽ ഖാദി ഗ്രാമവ്യവസായ മേഖലയിൽ പഠനം നടത്തിയിട്ടില്ല.

ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾ

130 (3894) ശ്രീമതി മെഴ്സി രവി :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിരാ ആവാസ് യോജന ഇപ്പോൾ നിലവിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയനുസരിച്ച് പത്താം പദ്ധതിക്കാലത്ത് എത്ര വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പത്താം പദ്ധതിയുടെ ആദ്യ രണ്ടു വർഷക്കാലത്തേയ്ക്ക് ഈയിനത്തിൽ കേന്ദ്രത്തിൽ നിന്നും എന്തു തുക കിട്ടിയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly